## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 110** **28.04.2017** ൽ മറുപടിയ്ക്ക്

## മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റവും നിർമ്മാണവും

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീവി.ഡി.സതീശൻ**
**ശ്രീഹൈബി ഈഡൻ**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത ഭൂമി കയ്യേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന ദേവികുളം സബ് കളക്ടറെയും, ഉദ്യോഗസ്ഥരെയും സി.പി.എം. പാർട്ടി അനുഭാവികൾ തടയുകയും അവരെ കൃത്യനിർവ്വഹണം നടത്തുന്നതിന് തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ടോയെന്ന് വിവരിക്കാമോ; | (എ)ദേവികുളത്തെ അനധികൃത ഭൂമികൈയേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന ദേവികുളം സബ്കളക്ടറേയും ഉദ്യോഗസ്ഥരെയും ഒരു വിഭാഗം ആളുകൾ തടയുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | കയ്യേറ്റവും നിർമ്മാണവും ഒഴിപ്പിക്കാൻ ചെന്ന റവന്യൂ ഉദ്യോഗസ്ഥരെ തടഞ്ഞവരെ അറസ്റ്റ് ചെയ്യാൻ സബ് കളക്ടർ ആവശ്യപ്പെട്ടിട്ടും പോലീസ് അത് ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി)ദേവികുളം താലൂക്ക് ഓഫീസിന് എതിർവശം, റവന്യൂ കോർട്ടേഴ്സിൽ താമസിച്ചുവരുന്നതും, ആരോഗ്യവകുപ്പിൽ നിന്നും വിരമിച്ച മണി എന്നയാൾ ടി കോർട്ടേഴ്സിന് സമീപം സർക്കാർ ഭൂമി കയ്യേറി, ഷെഡ് നിർമ്മിച്ചതിനെ തുടർന്ന് 12/04/2017 തീയതി ആയത് ഒഴിപ്പിക്കാൻ റവന്യൂ ഉദ്യോഗസ്ഥർ എത്തിയ സമയം ഒരു കൂട്ടം ആളുകൾ തടയുകയും, ഭൂ-സംരക്ഷണസേന അംഗങ്ങളുമായി വാക്കുതർക്കപ്പെടുകയും, സേനാംഗമായ ലിസൺനെ കയ്യേറ്റം ചെയ്തിട്ടുള്ളതുമാണ്. ഈ സമയം ഭൂ-സംരക്ഷണസേനാ അംഗങ്ങളുടെ കൂടെ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ ഡ്യൂട്ടിക്കുണ്ടായിരുന്നില്ല.<br>കൂടുതൽ പോലീസ് എത്തിയശേഷം ഭൂ- |

| | | |
|---|---|---|
| | | സംരക്ഷണസേന പ്രവർത്തകരെ കയ്യേറ്റം ചെയ്ത പഞ്ചായത്ത് അംഗം സുരേഷ് കുമാറിനെ അറസ്റ്റ് ചെയ്ത് നീക്കിയിട്ടുള്ളതും, കയ്യേറി നിർമ്മിച്ച ഷെഡ് പൊളിച്ച് നീക്കിയിട്ടുള്ളതും, സബ് കളക്ടറുടെ നിർദ്ദേശ പ്രകാരം അറസ്റ്റ് ചെയ്തവരെ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (സി) | സബ് കളക്ടറുടെ ഉത്തരവ് അനുസരിക്കാതിരുന്ന പോലീസുകാർക്കെതിരെ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) അന്വേഷണം നടന്നു വരുന്നു. |

Pomah

സെക്ഷൻ ഓഫീസർ